മംഗളം

സ്ഥാപകൻ
എം.സി.വർഗീസ്

Kottayam Edition

Dated On 20/11/2024

Page No -5 Column No -3

# സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

കോട്ടയം: ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 24 ന് നാലുകൊടി സെന്റ് ജോസഫ് ഹൈസ്കൂളിൽ നടത്തും. 21 നു മുമ്പ് www.throwballkerala.com എന്ന വെബ് സൈറ്റ് മുഖേന രജിസ്ട്രേഷൻ പൂർത്തിയാക്കണം.

ദേശാഭിമാനി
Kottayam Edition
Dated On 20/11/2024
Page No -3 Column No -1

# സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

**കോട്ടയം**

പതിനൊന്നാമത് ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 24ന് നാലുകോടി സെന്റ് ജോസഫ് ഹൈസ്കൂളിൽ നടത്തും. 21ന് മുമ്പായി പ്ലെയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും www.throwballkerala.com എന്ന വെബ് സൈറ്റിൽ പൂർത്തിയാക്കണം. ഓപ്പൺ സെലക്ഷൻ ഉണ്ടായിരിക്കില്ല.

മാതൃഭൂമി
Since 1923
Kottayam Edition
Dated On 26/11/2024
Page No -3 Column No -3 &4

# ജൂബിലി സ്പോർട്സ് അക്കാദമിയും ലൈറ്റ്നിങ് ത്രോബോൾ അക്കാദമിയും ജേതാക്കൾ

**കോട്ടയം** ▸ ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷവിഭാഗത്തിൽ കടപ്ലാമറ്റം ജൂബിലി സ്പോർട്സ് അക്കാദമിയും വനിതാ വിഭാഗത്തിൽ തെങ്ങണ ലൈറ്റ്നിങ് ത്രോബോൾ അക്കാദമിയും ജേതാക്കളായി.

പുരുഷ വിഭാഗത്തിൽ ജൂബിലി സെയ്ന്റ് ജോസഫ് ഹൈസ്കൂൾ രണ്ടാം സ്ഥാനം നേടിയപ്പോൾ മൂന്നാം സ്ഥാനം ലാ മാസിയ സ്പോർട്സ് അക്കാദമിയും മൈക്ക വോളി അക്കാദമിയും പങ്കിട്ടെടുത്തു

വനിതാ വിഭാഗത്തിൽ ലാ മാസിയ സ്പോർട്സ് അക്കാദമി രണ്ടാം സ്ഥാനം കരസ്ഥമാക്കിയപ്പോൾ, മേരി മാതാ സ്പോർട്സ് അക്കാദമിയും ശ്രേയസ് പബ്ലിക് സ്കൂളും മൂന്നാം സ്ഥാനം പങ്കിട്ടു.

പുരുഷവിഭാഗത്തിൽ ജൂബിലി സ്പോർട്സ് അക്കാദമിയിലെ അഭിജിത് കെ.ബിജുവിനെയും വനിതാ വിഭാഗത്തിൽ ലൈറ്റ്നിങ് ത്രോബോൾ അക്കാദമിയിലെ പി.ജെ.വൃന്ദയെയും മികച്ച കളിക്കാരായി തിരഞ്ഞെടുത്തു.

ചാമ്പ്യൻഷിപ്പിന്റെ ഉദ്ഘാടനം ജില്ലാ ത്രോബോൾ അസോസിയേഷൻ വൈസ് പ്രസിഡന്റ് അനിൽ ജോർജ് നിർവഹിച്ചു.

സമാപനസമ്മേളനത്തിൽ സ്കൂൾ മാനേജർ സിസ്റ്റർ ഡാലിയ സമ്മാനദാനം നിർവഹിച്ചു.